LIBRARY ARCHIVES Kerala Legislative Assembly

കോതകർശ്ശിയിലേക്കുള്ള തോടിനു കുറുകെ പാലം

2701(3195) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കിലെ കണ്ണിയംപുറം-പനമണ്ണ പൂക്കാട്ടുകർശ്ശിപടിയിൽ നിന്ന് കോതകർശ്ശിയിലേക്കുള്ള വഴിയിൽ തോടിനു കുറുകെ പാലം നിർമ്മിക്കണമെന്ന നാട്ടുകാരുടെ ചിരകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ സർവ്വെ റിപ്പോർട്ടും ഡി.പി.ആർ-ഉം തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പാലം നിർമ്മിക്കുകയാണെങ്കിൽ എത്രപേർക്ക് ഉണകരമായിരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത റോഡ് പഞ്ചായത്തിന്റെ അധീനതയിൽ ആകയാൽ പൊതുമരാമത്ത് വകുപ്പ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

നഗര റോഡ് വികസന പദ്ധതി

271(3196) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ രൂപീകരണംവഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം .

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ. വാഹനയാത്രക്കാരുടെയും കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ. ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ. പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ടു പാകിയ നടപ്പാതകൾ. സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേടുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി.-ആന്യൂറ്റി വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് നഗരങ്ങളിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമല അനുബന്ധപ്പാതകൾ

272(3197) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല അനുബന്ധപ്പാതകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മണ്ഡലകാലത്തിനുമുമ്പ് ഈ റോഡുകളുടെയെല്ലാം അറ്റകുറ്റപ്പണികൾ വർഷംതോറും നടത്താറുണ്ടോ ;ഓരോ വർഷവും എത്ര രൂപ ശരാശരി ഇങ്ങനെ ചെലവഴിക്കുന്നു ;

(ബി) ഈ മണ്ഡലകാലത്തിനുമുമ്പ് ഏതൊക്കെ അനുബന്ധപ്പാതകൾക്കാണ് ഫണ്ട് അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ; ഓരോ പദ്ധതിക്കും അനുവദിച്ച ഫണ്ട് എത്രയെന്നും എന്തൊക്കെ പണികൾക്കാണ് ഫണ്ടനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly